# കേരളസർവകലാശാല

നം.പി.ആർ.200(a)/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

## ബി.എഡ് പ്രവേശനം

**എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷിക്കുവാനുള്ള അവസാന തിയതി ഒക്ടോബർ 27 വൈകുന്നേരം 5 മണി വരെ**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ബി.എഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഒക്ടോബർ 27 വരെ അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷ, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, മറ്റു അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പ് അതാത് കോളേജുകളിൽ നേരിട്ട് നൽകേണ്ടതാണ്.

**ബി.എഡ് പ്രവേശനം – സ്പോർട്ട്സ് ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷിക്കുവാനുള്ള അവസാന തിയതി ഒക്ടോബർ 27 വൈകുന്നേരം 5 മണി വരെ**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ബി.എഡ് കോളേജുകളിലേയും സ്പോർട്ട്സ് ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഒക്ടോബർ 27 വരെ അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടേയും സ്പോർട്ട്സ് അച്ചീവ്മെൻറ് സെർട്ടിഫിക്കറ്റുകളുടെയും പകർപ്പ് കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിൽ നൽകേണ്ടതാണ്.

**ബി.എഡ് ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ രണ്ടു ബി.എഡ് കോളേജുകൾ കൂടി ഉൾപ്പെടുത്തിയിയിരിക്കുന്നു**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വാളകം രാമവിലാസം ട്രെയിനിങ് കോളേജിൽ ഇംഗ്ലീഷ്, നാച്ചുറൽ സയൻസ്,കോമേഴ്സ്, ഫിസിക്കൽ സയൻസ്, മലയാളം ,സോഷ്യൽ സയൻസും പെരിങ്ങമ്മല ഇക്ബാൽ ട്രെയിനിങ് കോളേജിൽ ഇംഗ്ലീഷ്, നാച്ചുറൽ സയൻസ്, മാത്തമാറ്റിക്സ്, ഫിസിക്കൽ സയൻസ് ,സോഷ്യൽ സയൻസ് എന്നീ ഓപ്ഷനുകൾ ബി.എഡ് ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഒക്ടോബർ 27 വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാം.

## സൂക്ഷ്മപരിശോധന

2020 സെപ്തംബർ മാസം 30-ാം തീയതിയും ഒക്ടോബർ മാസം ഒന്ന്, രണ്ട് തീയതികളിലുമായി പ്രസിദ്ധീകരിച്ച ബികോം ആന്വൽ സ്കീം, ബികോം കംപ്യൂട്ടർ ആപ്ലിക്കേഷൻസ് 3 മെയിൻ സിസ്റ്റം, ബികോം എസ്.ഡി.ഇ അഞ്ച്, ആറ് സെമസ്റ്ററുകളുടെ പരീക്ഷാഫലത്തിന്റെ പുനർമൂല്യനിർണ്ണയ ത്തിനും സൂക്ഷ്മപരിശോധനക്കും ഓൺലൈനായും ഓഫ്ലൈനായും 23-10-2020 വരെ അപേക്ഷി ക്കാം.

2019 സെപ്തംബർ മാസം നടത്തിയ എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി പരീക്ഷ യുടെ സൂക്ഷ്മപരിശോധനക്ക് ഹാജരാകാത്ത വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി റി വാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ. X)ൽ 15-10-2020 ലും 16-10-2020 ലും ഹാജ രാകേണ്ടതാണ്.

## പരീക്ഷാ ഫീസ്

ഒന്നാം സെമസ്റ്റർ എം.എഡ്ഡ് (2015 സ്കീം സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ 16 -10-2020 വരെയും 150രൂപ പിഴയോടികൂടി 23-10-2020 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവ രങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാ തീയതി

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി കോഴ്സിന്റെ (ബി.എച്ച്. എം.സി.റ്റി) മൂന്നാം സെമസ്റ്റർ (ജൂൺ 2020) പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 22,23,27,28 തീയതി കളിലും ഒന്നാം സെമസ്റ്റർ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 02 മുതൽ 06 വരെയും അതാത് കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് കാര്യവട്ടത്തെ 2013 സ്കീമിലെ 2015, 2016, 2017 അഡ്മിഷൻ വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്റർ ബി.ടെക്ക് സപ്ലിമെന്ററി ഏപ്രിൽ 2020 പരീക്ഷയുടെ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് 15-10-2020 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. ഫൈൻ ഇല്ലാതെ 22-10-2020 വരെയും, 150 രൂപ ഫൈനോടുകൂടി 28-10-2020 വരെയും, 400 രൂപ സൂപ്പർ ഫൈനോടുകൂടി 31-10-2020 വരെയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## ബിരുദാനന്തരബിരുദ പ്രവേശനം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ആർട്ട്സ് ആന്റ് സയൻസ് കോളേജു കളിലേയും യു.ഐ.റ്റി കളിലേയും ബിരുദാനന്തര ബിരുദ പ്രവേശനത്തിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 27 വൈകുന്നേരം 5 മണി വരെ നീട്ടിയിരിക്കുന്നു.

## അടുത്ത സെമെസ്റ്റർ ഓൺലൈൻ ക്ലാസുകൾ തുടങ്ങാൻ നിർദേശം

കേരള സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ എസ് 4, എസ് 6 ഡിഗ്രി പ്രോഗ്രാമുകളുടെ ഓൺലൈൻ ക്ലാസുകൾ 21.10.2020 മുതൽ ആരംഭിക്കേണ്ടതാണ് എന്നു സർവകലാശാല അറിയിക്കുന്നു. എസ് 3, എസ് 5 പരീക്ഷാ തീയതി പിന്നീട് അറിയിക്കുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
14.10.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098